പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1413 22. 03. 2013- ലെ മറുപടി

<u>പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ</u>

<u>ചോദ്യം</u>

<u>ശ്രീ. വി. റ്റി. ബൽറാം</u>
<u>ശ്രീ. അൻവർ സാദത്ത്</u>
<u>ശ്രീ. ഹൈബി ഈഡൻ</u>
<u>ശ്രീ. എ. റ്റി. ജോർജ്</u>

(എ) പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഒരു സമഗ്ര പാക്കേജ് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്വയം തൊഴിൽ പദ്ധതിക്ക് എന്തെല്ലാം കാര്യങ്ങളാണ് പാക്കേജിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) ഈ പാക്കേജ് 12 – ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

<u>ശ്രീ. കെ. സി. ജോസഫ്</u>
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ) തിരികെയെത്തിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് മൂലധന സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുന്നതിനായി പ്രവാസി പുനരധിവാസ പദ്ധതി കെ.എഫ്.സി, സിഡ്കോ, എസ്.ബി.റ്റി മറ്റു പൊതുമേഖല ബാങ്കുകൾ എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുത്തുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെയുള്ള പ്രാജക്ടുകൾക്ക് പരമാവധി 10% മൂലധന സബ്സിഡി യാണ് നൽകാൻ തീരുമാനമായിട്ടുള്ളത്.

(ഡി) ഈ പദ്ധതി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ നിന്നാണ് നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ